(ഡി) നിരക്കുകൾ പരിഷ്ക്കരിക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും എന്തെല്ലാമാണ്; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തി യിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(ഇ) നിരക്കുകൾ പരിഷ്ക്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) പരിശോധിച്ചുവരികയാണ്.

(ഡി) വകുപ്പിന്റെ വിവിധ ഫീൽഡ് ഓഫീസർമാരിൽ നിന്ന് ലഭിക്കുന്ന മെറ്റീരിയൽസിന്റെയും ലേബർ ചാർജിന്റെയും വിവരങ്ങളും ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ വില വിവരക്കണക്കും ആണ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം.

(ഇ) നടപടികൾ സ്വീകരിച്ചുവരുകയാണ്.

പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് നൽകിയ തുക

99 [715] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തികവർഷം പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് എത്ര തവണ പണം നൽകിയെന്നും ഓരോ തവണയും എന്തു തുക വീതം നൽകിയെന്നും ഈ സാമ്പത്തികവർഷം ആകെ എന്ത് തുക ഈ ഇനത്തിൽ നൽകിയെന്നും വെളിപ്പെടുത്തുമോ;

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ ഇതേവരെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയോ എന്ന് വെളിപ്പെടുത്തുമോ;

(സി) പി.ഡബ്ല്യു.ഡി. കരാറുകാർക്ക് എന്തു തുക നൽകുവാൻ ബാക്കി ഉണ്ടെന്നും എന്നത്തേയ്ക്ക് ഈ തുക നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 സാമ്പത്തികവർഷത്തിൽ റോഡുകളും പാലങ്ങളും വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് രണ്ട് തവണ പണം നൽകിയിട്ടുണ്ട്. 2003 ആഗസ്റ്റ് മാസം സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർടി.) 6515/03/ഫിൻ. തീയതി 4-8-2003 പ്രകാരം 163.31 കോടി രൂപയും 2004 മാർച്ച് മാസം സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) 1658/04/ഫിൻ. തീയതി 8-3-2004 പ്രകാരം 88.39 കോടി രൂപയും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ കരാറുകാർക്ക് തുകയൊന്നും നൽകിയിട്ടില്ല. 1-4-2003 മുതൽ ദേശീയപാതാ വിഭാഗത്തിൻകീഴിൽ വരുന്ന കരാറുകാർക്ക് പണം നൽകുന്നത് കേന്ദ്ര സർക്കാർ നേരിട്ടാണ്. ഇതിനുപുറമേ സംസ്ഥാന പദ്ധതി ഇനത്തിൻകീഴിൽ വരുന്ന കരാറു പണികളുടെ തുക സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. 2003-2004 സാമ്പത്തിക വർഷം ഈ ഇനത്തിൽ 647.00 ലക്ഷം രൂപ വിവിധ കരാറുകാർക്ക് അനുവദിക്കുകയുണ്ടായി. 2003-2004-ൽ കെട്ടിട വിഭാഗത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് രണ്ടുതവണയായാണ് പണം നൽകിയത്. ഒന്നാമത്തെ തവണ 1928.54 ലക്ഷം രൂപയും രണ്ടാമത്തെ തവണ 4894.66 ലക്ഷം രൂപയും നൽകുകയുണ്ടായി. കൂടാതെ 05/03 മുതൽ 03/04 വരെ എല്ലാ മാസങ്ങളിലും കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുന്ന ജോലികൾക്കായും മറ്റു ചില പ്രധാന ജോലികൾക്കായും 1860.38 ലക്ഷം രൂപയും സർക്കാരിൽ നിന്നും നൽകിയിരുന്നു. അങ്ങനെ 2003-2004-ൽ ആകെ 8683.58 ലക്ഷം രൂപ കെട്ടിട വിഭാഗത്തിന്റെ കുടിശ്ശിക തീർക്കാനായി നൽകിയിരുന്നു. ഈ സാമ്പത്തികവർഷം കെട്ടിട വിഭാഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുന്ന ജോലികളുടെ കുടിശ്ശിക തീർക്കാൻ 319.37 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

(ബി) ഇതേവരെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയിട്ടില്ല.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 31-3-2004 വരെ കരാറുകാർക്ക് നിലവിലുള്ള കുടിശ്ശിക ബില്ലുകളുടെ ആകെ തുക 524 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാന പദ്ധതി ഇനത്തിൽ 5 കോടി രൂപയും സി.ആർ.എഫ്.-ൽ 12 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 95 കോടി രൂപയും നൽകുവാൻ ബാക്കിയുണ്ട്. കുടിശ്ശിക ബില്ലുകൾ ഘട്ടംഘട്ടമായി നൽകിവരുന്നു.

ബില്ലുകൾ മാറിക്കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

100 [716] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം ചെയ്ത പണികളുടെ ബിൽ മാറി കിട്ടാത്തതു കാരണം പൊതുമരാമത്ത് വകുപ്പിലെ മിക്ക പണികളും സ്തംഭിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;